അന്വേഷണം നടത്താനും നടപടിയെടുക്കാനും അതത് ജാഗ്രതാ സമിതികൾക്ക് കഴിയും. പരാതികൾക്ക് നടപടിയെടുക്കുക എന്നതിനേക്കാൾ പരാതിരഹിതമായ ഒരന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ജാഗ്രതാ സമിതികളുടെ ലക്ഷ്യം.

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പ്രത്യേകിച്ചും രണ്ടാനച്ഛൻമാരിൽ നിന്നും രണ്ടാനമ്മമാരിൽ നിന്നും തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ഡി) 1994-ലെ 2,35,163,164,245 എന്നീ വകുപ്പുകളും പ്രധാന ആക്ടിന്റെ മൂന്നാം പട്ടികയും ഉചിതമായി ഭേദഗതി ചെയ്യാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതിക്ക് ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 2,35,163,164,245 എന്നീ വകുപ്പുകളുടെ ഭേദഗതി ബിൽ ഉൾപ്പെടുത്തി 2015- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഭേദഗതി ബിൽ) (ബിൽ നമ്പർ 337) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് ഇനി നിയമസഭയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

കേരസമൃദ്ധി പദ്ധതി

24 (*144) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) നാളികേര വികസനത്തിനും കേര സുരക്ഷിതത്ത്വം എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കേരകർഷകർ ഇപ്പോൾ നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ് തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം. വിളവെടുപ്പിനും സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കും തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യതകുറവ് കേരകർഷകരെ ബുദ്ധിമുട്ടിലാക്കുന്നു. കുറിയ ഇനം തെങ്ങുകൾ കർഷകർക്കിടയിൽ വ്യാപകമാക്കുന്നത് ഒരു പരിധിവരെ ഇതിനു പരിഹാരമാകും. കൂടാതെ നീരയുടെ ഉല്പാദനത്തിനും കുറിയ ഇനം തെങ്ങുകൾ ആവശ്യമാണ്. ഈ സാഹചര്യത്തിലാണ് കർഷകർക്കിടയിൽ കുറിയ ഇനം തെങ്ങുകൃഷി പ്രചരിപ്പിക്കുന്നതിനും കുറിയ ഇനം തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനുമായി ലക്ഷ്യമിട്ടാണ് കേരസമൃദ്ധി പദ്ധതി വിഭാവനം ചെയ്ത് 2014-15 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കിയത്. 2015-16 വർഷത്തിലും ഈ പദ്ധതി തുടരുന്നുണ്ട്. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്ത് കുറിയ ഇനം തെങ്ങുകൃഷി 25% സ്ഥലത്ത് വ്യാപിപ്പിക്കുക.

2. കുറിയ ഇനം വിത്തുതേങ്ങയുടെ ഉത്പാദനത്തിനായി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ 50 ഹെക്ടർ സ്ഥലത്ത് മാതൃവൃക്ഷത്തോട്ടങ്ങൾ ഉണ്ടാക്കുക.

3. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ കുറിയ ഇനം തെങ്ങുകളുടെ germplasm ശേഖരം ഉണ്ടാക്കുക.

4. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജമാക്കുക.

5. നിലവിലെ ആവശ്യകത അനുസരിച്ച് കുറിയ ഇനങ്ങളുടെയും, WCT യുടെയും തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

6. കർഷകരിൽനിന്നും കുറിയ ഇനം വിത്തുതേങ്ങ സംഭരിക്കുക.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടങ്ങൾ ചുവടെ ചേർക്കുന്നു :

1. കുറിയ ഇനം വിത്തുതേങ്ങകൾ സംഭരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. കുറിയ ഇനം മാതൃവൃക്ഷങ്ങൾ കണ്ടെത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. ഫാമുകളിലെ കുറിയ ഇനം തെങ്ങിൻതൈകളുടെ ഉല്പാദന പ്രക്രിയയിൽ തെങ്ങിൻ തൈകളുടെ പരിപാലനത്തിന് ധനസഹായം.

4. DXT (സങ്കരയിനം) തെങ്ങിൻതൈ ഉത്പാദനത്തിന് കുറിയ ഇനം മാതൃവൃക്ഷങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ ഹൈബ്രിഡൈസേഷൻ പരിപാടി.

5. ഹൈബ്രിഡൈസേഷനുവേണ്ടി നൈപുണ്യമുള്ള തൊഴിലാളികളെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.

6. കൃഷി വകുപ്പിന്റെ ഫാമുകളിൽ കുറിയ ഇനം തെങ്ങിൻതൈകളുടെ മാതൃവൃക്ഷത്തോട്ടം നിർമ്മിക്കൽ.

7. ഹൈബ്രിഡൈസേഷനുവേണ്ടി കൃഷി വകുപ്പിന്റെ തെരഞ്ഞെടുത്ത ഫാമുകളിൽ സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കൽ.

ഇവ കൂടാതെ ഗുണമേന്മയുള്ള വിത്തുതേങ്ങ കർഷകർക്കിടയിൽ നിന്ന് ശേഖരിച്ച് ഫാമുകളിൽ എത്തിക്കുന്നതിനും വിതരണത്തിനുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) 2014-15 വർഷത്തിൽ കേരസമൃദ്ധി പദ്ധതിക്കായി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള മാർഗ്ഗരേഖ കൃഷിഭവൻ തലം വരെ ലഭ്യമാക്കി. സംസ്ഥാന തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ യോഗങ്ങളും, ജില്ലാതലത്തിൽ പദ്ധതി നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ് ചർച്ച ചെയ്തു. കൂടാതെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ജില്ലാതല ഉദ്യോഗസ്ഥരും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതി നടത്തിപ്പ പുരോഗതിയും അവലോകനം ചെയ്തു.

2015-16 വർഷത്തിലും കേരസമൃദ്ധി പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ വർഷവും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കൃഷി ഭവൻ തലംവരെ ഈ വർഷത്തെ പദ്ധതി മാർഗ്ഗരേഖ ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly